ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. DTETVM/2194/2025-EG4 തീയതി: 13-07-2025

## പരിപത്രം

വിഷയം:- സാങ്കേതികവിദ്യാഭ്യാസം-ക്ലാർക്ക് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നടത്തുന്നതിന് യോഗ്യരായ ക്ലാസ്സ് IV ജീവനക്കാരുടെയും (ഡ്രൈവർ തസ്തികയുൾപ്പെടെയുള്ള സബോർഡിനേറ്റ് സർവീസിൽ താഴ്ന്ന വിഭാഗം ജീവനക്കാരുടെയും സംസ്ഥാനതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് -സംബന്ധിച്ച് .

സൂചന :-
1. 15.03.2025 തീയതിയിലെ DTETVM/2194/2025-EG4 നമ്പർ പരിപത്രം.
2.16.03.2023 ലെ സ.ഉ.(അച്ചടി) നം.4/2023/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. 06/05/2017 ലെ EG3/4372/2016 നമ്പർ സീനിയോറിറ്റി ലിസ്റ്റ് .

ഈ വകുപ്പിലെ ക്ലാർക്ക് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നടത്തുന്നതിന് യോഗ്യരായ ക്ലാസ്സ് IV ജീവനക്കാരുടെയും സബോർഡിനേറ്റ് സർവീസിൽ താഴ്ന്ന വിഭാഗം ജീവനക്കാരുടെയും (ഡ്രൈവർ തസ്തികയുൾപ്പെടെയുള്ള) ക്ലാർക്ക് തസ്തികയിലേക്കുള്ള തസ്തികമാറ്റം അനുവദിക്കുന്നതിനുള്ള അപേക്ഷ, 31.12.2024 വരെ പി എസ് സി അഡ്വൈസ് ലഭിച്ച ജീവനക്കാരിൽ നിന്നും ക്ഷണിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകരിൽ ആരും തന്നെ MOP പാസ്സായതു സംബന്ധിയായ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. സൂചന 2 ഉത്തരവ് പ്രകാരം ബൈ ട്രാൻസ്ഫർ വഴി ക്ലാർക് തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനുള്ള ജീവനക്കാർ MOP പാസ്സാകേണ്ടതുണ്ട്. മേൽപരാമർശിച്ച അപേക്ഷകരും സൂചന 3-ലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും നാളിതുവരെ ക്ലാർക് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിച്ചിട്ടില്ലാത്ത ജീവനക്കാരും MOP പാസ്സായിട്ടുണ്ടെങ്കിൽ ആയതിൻറെ വിശദാംശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം, ഈ സർക്കുലർ പ്രസിദ്ധീകരിച്ച് 5 ദിവസത്തിനകം, സ്ഥാപന മേധാവി മുഖാന്തരം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**JAYAPRAKASH P**
**DIRECTOR(INCHARGE)**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

Signed by
Jayaprakash P
Date: 13-07-2025 18:50:17

2. സീനിയർ സൂപ്രണ്ട്, ഇഡി/ഇഎ സെക്ഷൻ
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി